# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3574 — 17.10.2011 ൽ മറുപടിയ്ക്ക്

### ജീവൻരക്ഷാ മരുന്നുവില നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവൻരക്ഷാ മരുന്നുകൾക്ക് അമിത വില ഈടാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; (ബി)എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) & (ബി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നതു കേന്ദ്ര സർക്കാരായതിനാൽ മരുന്നുകളുടെ വിലയെപ്പറ്റി സമഗ്രമായ ഒരു പഠനം നടത്തിയിട്ടില്ല. |
| സി) ക്യാൻസറിനും മറ്റുമുള്ള മരുന്നുകൾക്ക് ആർ.സി.സി. ഈടാക്കുന്ന വിലയേക്കാൾ പതിന്മടങ്ങ് വില മറ്റിടങ്ങളിൽ നൽകേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ആർ.സി.സി.യിൽ ഒരു വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ ഇൻഡന്റ് തയ്യാറാക്കി ബൾക്ക് പർച്ചെയ്സ് നടത്തുന്നതിനാൽ വിപണിയിലേക്കാൾ താണ വിലയിൽ വിതരണം ചെയ്യാൻ കഴിയുന്നു. എന്നാൽ ഈ മരുന്നുകളുടെ സീലിംഗ് പ്രൈസ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) നിശ്ചയിച്ചുറപ്പിച്ചിട്ടില്ലാത്തതിനാൽ വിപണിയിൽ വില കൂടുതലായി കാണപ്പെടുന്നുണ്ട്. |
| (ഡി) ജീവൻരക്ഷാ മരുന്നുകളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്താനും അവയുടെ വില ഏകീകരിക്കാനും നടപടി സ്വീകരിക്കുമോ; | (ഡി) സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്ന മരുന്നുകളുടെ ലിസ്റ്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസിദ്ധീകരിക്കുന്നുണ്ട്. മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരായതിനാൽ വില ഏകീകരിക്കാൻ സംസ്ഥാന സർക്കാരിനു കഴിയില്ല. |
| (ഇ) മരുന്ന് ഉല്പാദക സ്ഥാപനങ്ങൾ നിരീക്ഷിക്കുവാനും ഗുണനിലവാരവും വിലയും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ? | (ഇ) Drugs & Cosmetics ചട്ടങ്ങളും നിയമങ്ങളും പാലിച്ച് വിപണനം ചെയ്യുന്ന സ്ഥാപനങ്ങൾക്കു മാത്രമേ മരുന്നുൽപ്പാദന ലൈസൻസ് അനുവദിക്കുകയുള്ളൂ. തുടർന്നും നിയമപ്രകാരമുള്ള ഗുണനിലവാരം നിലനിർത്തുന്നു എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ